മാർഗ്ഗം തേടുന്നതിനുമാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അനേകം മലയോര പഞ്ചായത്തുകളിലെ നൂറുകണക്കിന് ആളുകളുടെ ആശ്രയകേന്ദ്രമായിട്ടുള്ള ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണെന്ന് നിരവധി തവണ ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ആ കാര്യം ഒന്നുകൂടി ഈ സഭയിൽ അവതരിപ്പിക്കുകയാണ്. ഇപ്പോൾ 70 കിടക്കകളാണ് ഈ ആശുപത്രിയിലുള്ളത്. ഇപ്പോൾ ശരാശരി 130-140 രോഗികളെവരെ അഡ്മിറ്റ് ചെയ്യേണ്ടതായി വരാറുണ്ട്. ഒരു വർഷം ഒരുലക്ഷത്തിലധികം ഔട്ട്പേഷ്യന്റ്സും ഈ ആശുപത്രിയിൽ വരാറുണ്ട്. അതുപോലെ ധാരാളം ഡെലിവറി കേസുകളും വരാറുണ്ട്. ബെഡ്ഡിന്റെ അപര്യാപ്തതമൂലം വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ചിലപ്പോൾ ഗർഭിണികളെവരെ നിലത്താണ് കിടത്തേണ്ടിവരുന്നത്. ഈ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഈ താലൂക്കിൽ താലൂക്കുതലത്തിലുള്ള വേറെ ആശുപത്രികൾ ഇല്ലാത്തതുകൊണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പദവി നൽകണം. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെ കാഷ്വാലിറ്റി സംവിധാനവും ഏർപ്പെടുത്തണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ 70 കിടക്കകൾ നിലവിലുണ്ട്. അഞ്ച് ഡോക്ടർമാരും 14 നേഴ്സുമാരുമടക്കം 46 തസ്തികകൾ നിലവിലുണ്ട്. ഒരു റിട്ടയർമെന്റ് വേക്കൻസി മാത്രമാണ് ഇവിടെയുള്ളത്. സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ ഒന്നും ഒഴിവില്ല. ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം ഇതൊക്കെ പ്രവർത്തനക്ഷമമാണ്. എക്സ്റേ യൂണിറ്റ് താമസിയാതെ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഇപ്പോൾ 70 കിടക്കകളിൽനിന്ന് 105 കിടക്കകളായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 35 എണ്ണം വർദ്ധിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതാണ്. കാഷ്വാലിറ്റിയുടെ പ്രവർത്തനങ്ങൾ ഇതിന്റെ രണ്ടാമത്തെ സ്റ്റേജിൽ പരിഗണിക്കപ്പെടുന്നതാണ്.

(9) ചെത്ത് തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. പി. രാജു : സർ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായകളള് ചെത്തുവ്യവസായത്തിലെ ചെത്തു തൊഴിലാളികൾ ഒരു പ്രക്ഷോഭണത്തിലേർപ്പെട്ടിരിക്കുകയാണ്. ഈ കഴിഞ്ഞ ഫെബ്രുവരി മാസം 15-ാം തീയതി അവർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയിട്ടുണ്ട്. ഈ വ്യവസായത്തിൽ പണിയെടുക്കുന്ന ചെത്തുതൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കണമെന്നതാണ് ആവശ്യം. അതോടൊപ്പം തന്നെ തൊഴിലവസരങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്കു നഷ്ടപരിഹാരം നൽകാൻ പ്രത്യേക പദ്ധതിയുണ്ടാകണം. ഇപ്പോൾ പെൻഷൻ 100 രൂപയാണ്. പെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കുവാൻ ക്ഷേമനിധിബോർഡ് തീരുമാനമെടുത്ത് ഗവണ്മെന്റിന് കൊടുത്തിട്ട് ഒരു വർഷക്കാലം കഴിഞ്ഞു. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിനു കോടിക്കണക്കിനു രൂപയുടെ വരുമാനമുണ്ടാക്കിക്കൊടുക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കേരളത്തിലെ ചെത്തുതൊഴിലാളികൾ. ചെത്തുതൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കരട് വിജ്ഞാപനം 1999 ഏപ്രിലിൽ പ്രസിദ്ധീകരിച്ചതാണ്. ഇതിനെ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് മിനിമം വേജസ് അഡ്വൈസറി ബോർഡ് അംഗീകരിച്ച് അവരുടെ ശുപാർശകൾ സർക്കാരിന് നൽകിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. അടുത്ത വർഷത്തെ ലേലം ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയാണ്. അതിനുമുൻപായിത്തന്നെ പുതുക്കിയ മിനിമം കൂലി പ്രഖ്യാപിക്കാൻ അടിയന്തിര നടപടിയുണ്ടാകണമെന്നതാണ് ആവശ്യം. ചെത്തുതൊഴിലാളികൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ 100 രൂപയാണ്. ഇത് വളരെ പരിമിതമാണ്. 150 രൂപയായി വർദ്ധിപ്പിക്കുവാൻ ക്ഷേമനിധി ബോർഡ് തീരുമാനിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി ഒരു വർഷക്കാലം മുൻപു സമർപ്പിച്ചതുപ്രകാരം 150 രൂപ പെൻഷൻ കൊടുക്കാനുള്ള നടപടികൾ ഉണ്ടാകണം. ഏറ്റവും അപകടകരമായ സാഹചര്യത്തിൽ പണിയെടുക്കുന്നവരാണ് ഈ ചെത്തുതൊഴിലാളികൾ. തൊഴിലവസരങ്ങൾ നഷ്ടപ്പെടുമ്പോൾ ഇവരെ സംരക്ഷിക്കാൻ യാതൊരു നിയമവുമില്ല. ഇൻഷ്വറൻസ് പദ്ധതിപോലുള്ളത് ഉണ്ടെങ്കിൽ മാത്രമേ സംരക്ഷണം ലഭ്യമാകുന്നുള്ളൂ. അതുകൊണ്ട് തൊഴിലവസരങ്ങളിൽ അപകടമരണം സംഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപയും കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഈ ആനുകൂല്യങ്ങൾ ഏറ്റവും അടിയന്തിരമായി പരിഷ്കരിച്ചുകൊണ്ട് ഈ തൊഴിലാളികളെ പ്രക്ഷോഭത്തിലേക്കിറക്കാതെ സഹായിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോടും തൊഴിൽ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, Liquor trading and Liquor vending വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിന് കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ വേതനം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. പ്രസ്തുത റിപ്പോർട്ട് ചോദ്യം ചെയ്തുകൊണ്ട് ആലപ്പുഴ ടോഡി ഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തു. ഇതിന്റെ പിന്നിൽ പ്രസ്തുത സംഘടനകളുടെ അഭിപ്രായം സർക്കാർ കേൾക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം ആലപ്പുഴ ടോഡി ഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ അഭിപ്രായങ്ങൾ സർക്കാർ കേൾക്കുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുകയാണ്. ജോലിസമയത്തുണ്ടാകുന്ന അപകടങ്ങൾക്ക് സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ചെത്തുതൊഴിലാളികളുടെ പെൻഷൻ 100 രൂപയിൽ നിന്ന് 150 രൂപയായി ഉയർത്തേണ്ട നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ട്. ഇതിന് കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

V. സമ്മേളനകാലത്ത് മാധ്യമങ്ങൾ സഭാനടപടികൾക്കു നൽകേണ്ട പ്രാധാന്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളകൗമുദി പത്രം സഭാനടപടികളെക്കുറിച്ച് എഴുതിയിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ?

LIBRARY ARCHIVES Kerala Legislative Assembly